**ഗ്രാമ ന്യായാലയ പെരിന്തൽമണ്ണ, പുലാമന്തോൾ**
ഹാജർ: ശ്രീമതി. വിനിത.വി.പൈ, ന്യായാധികാരി
**തിയ്യതി: 2026 ഏപ്രിൽ മാസം 10**

**എസ്.ടി.146/2023**
(മങ്കട, ക്രൈംനമ്പർ. 403/2023)

വാദി : സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്,
മങ്കട പോലീസ് സ്റ്റേഷൻ
(എ.പി.പി. ഗ്രാമ ന്യായാലയ മുഖാന്തിരം)

പ്രതി : അർഷാദ്, S/o. അബൂബക്കർ,
പൂളക്കത്തൊടി വീട്, നായർ ബസാർ,
എയർപോർട്ട്, കരിപ്പൂർ വില്ലേജ്.

(പ്രതി ഭാഗം Adv. Sri. **പി.ഇ. മൂസ**)

വകുപ്പുകൾ : ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ.

പ്രതിയുടെ വാദം : കുറ്റം ചെയ്തിട്ടില്ല

കണ്ടെത്തൽ : കുറ്റം ചെയ്തിട്ടില്ല

ഉത്തരവ്/ശിക്ഷ : പ്രതിയെ ക്രിമിനൽ നടപടി നിയമം 255 (1)-ആം വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു.

**പ്രതിയുടെ വിവരങ്ങൾ**

| പേര് | അച്ഛന്റെ പേര് | ജോലി | വയസ്സ് | വിലാസം |
|---|---|---|---|---|
| അർഷാദ് | S/o. അബൂബക്കർ, | KSRTC Driver | 28/2023 | പൂളക്കത്തൊടി വീട്, നായർ ബസാർ, എയർപോർട്ട്, കരിപ്പൂർ വില്ലേജ് |

**തിയ്യതികൾ**

| സംഭവം നടന്നത് | പരാതി കൊടുത്ത തിയതി | റിപ്പോർട്ട് സമർപ്പിച്ച തിയതി | പ്രതി ഹാജരായത് / അറസ്റ്റിലായത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാനിച്ചത് | ഉത്തരവ് |
|---|---|---|---|---|---|---|---|
| 21.05.2023 | 21.05.2023 | 21.05.2023 | 19.02.2025 | 19.02.2025 | 28.05.2025 | 08.04.2026 | 10.04.2026 |

ഈ വ്യവഹാരം 08.04.2026 തിയ്യതി ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ വാദം കേട്ട് പൂർത്തിയായതിനാൽ താഴെ പറയുന്ന വിധിന്യായം ഇരുകക്ഷികളുടേയും അഭിഭാഷകരുടേയും സാന്നിദ്ധ്യത്തിൽ തിയ്യതി തുറന്ന 23.03.2026 കോടതിയിൽ പ്രസ്താവിച്ചിരിക്കുന്നു.

**ഉത്തരവ്**

ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേര്ത്ത് പ്രതിക്കെതിരെ മങ്കട പോലീസ് രജിസ്റ്റർ ചെയ്ത കുറ്റകൃത്യ നമ്പർ 403/2023 കേസ്സിൽ ബോധിപ്പിച്ച കുറ്റപത്രമാണിത്.

2. **<u>പ്രോസിക്യൂഷൻ കേസ് ചുരുക്കി താഴെ പറയും പ്രകാരമാണ്</u>**:- 21-05-2023 തിയ്യതി 01.10 മണിക്ക് വലമ്പൂർ വില്ലേജിൽ തിരൂർക്കാട് തങ്ങൾപടി എന്ന സ്ഥലത്ത് പാലക്കാട്-കോഴിക്കോട് പബ്ലിക്ക് റോഡിൽ വെച്ച് പ്രതി ഡ്രൈവർ ചുമതല വഹിച്ച് മലപ്പുറം ഭാഗത്തു നിന്നും പെരിന്തൽമണ്ണ ഭാഗത്തേക്ക് മേപ്പടി പബ്ലിക്ക് റോഡിലൂടെ അതിവേഗതയിലും അവിവേകമായും അശ്രദ്ധമായും മനുഷ്യജീവന് അപായം വരത്തക്ക വിധം KL-84-A-7487 നമ്പർ പിക്കപ്പ് വാഹനം റോങ്ങ് സൈഡിലൂടെ ഓടിച്ചു പോകവെ എതിർദിശയിൽ പരാതിക്കാരന്റെ ബന്ധുവായ മുഹമ്മദ് അമീൻ, വയസ്സ് 26, S/o. അബ്ദുൾ ലത്തീഫ്, തയ്യിൽ വീട്, അരിപ്ര, വലമ്പൂർ വില്ലേജ് എന്നയാൾ റൈഡർ ചുമതല വഹിച്ച് ഓടിച്ചു വന്ന KL-55-K-0137 നമ്പർ മോട്ടോർ സൈക്കിളിൽ ഇടിച്ചതിൽ ടി മോട്ടോർ സൈക്കിൾ റൈഡർ മോട്ടോർ സൈക്കിളിൽ നിന്നും റോഡിൽ തെറിച്ച് വീണ് തലയ്ക്ക് അതീവ ഗുരുതരപരിക്ക് പറ്റി പെരിന്തൽമണ്ണ മൗലാനാ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ചികിത്സ ഫലിക്കാതെ 21.05.2023 തിയ്യതി പുലർച്ചെ 04.34 മണിക്ക് മരണപ്പെട്ടതായി വ്യക്തമായി വെളിവായിട്ടുള്ളതിനാൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279, 304(A) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു.

3. ക്രിമിനൽ നടപടി നിയമം 173 -ആം വകുപ്പു പ്രകാരം ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനക്ക് എടുക്കാൻ തക്ക കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ട് എന്ന് കണ്ട് മേൽ അക്കമിട്ട് ഫയലിൽ സ്വീകരിച്ച് പ്രതിക്ക് കോടതിയിൽ ഹാജരാകാനുള്ള കൽപ്പന അയച്ചു.

4. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി. ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിട്ടു.

5. കോടതിയിൽ ഹാജരായ പ്രതിക്ക് 1973 ലെ ക്രിമിനൽ നടപടി നിയമം 207 ആം വകുപ്പ് പ്രകാരമുള്ള എല്ലാ രേഖകളും നൽകി. കുറ്റാരോപിതന് താൻ ചെയ്തു എന്ന് ആരോപിക്കപ്പെടുന്ന ഇന്ത്യൻ ശിക്ഷ നിയമം 279, 304(A) വകുപ്പുകൾ പ്രകാരമുള്ള കുറ്റ സാരാംശം പറഞ്ഞു മനസിലാക്കി കൊടുക്കുകയും കുറ്റം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ചതിൽ കുറ്റം നിഷേധിക്കുകയും വിചാരണ നേരിടാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു.

6. പ്രതിക്കെതിരായ കുറ്റങ്ങൾ സ്ഥാപിക്കുന്നതിനായി പ്രൊസിക്യൂഷൻ ഭാഗത്തു നിന്നും PW1, PW2 എന്നീ സാക്ഷികളെ വിസ്തരിച്ചു. Ext.P1 രേഖ തെളിവിൽ സ്വീകരിക്കുകയും ചെയ്തു.

7. പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിച്ചതിൽ കുറ്റാരോപിതനെതിരെ തെളിവുകളൊന്നും ഈ കോടതി മുമ്പാകെ ബോധിപ്പിക്കാത്തതിനാൽ ക്രിമിനൽ നടപടി നിയമത്തിലെ 313(1)(b) വകുപ്പ് പ്രകാരം ചോദ്യം ചെയ്യുന്ന നടപടി ക്രമങ്ങളിൽ നിന്നും പ്രതിയെ വിടുതൽ ചെയ്തു.

8. പ്രതി ഭാഗത്ത് നിന്നും തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല.

9. ഇരു ഭാഗം അഭിഭാഷകരുടെയും വാദം കേട്ടു. രേഖകൾ പരിശോധിച്ചു. താഴെ പറയുന്ന സംഗതികളാണ് അന്തിമ നിർണ്ണയത്തിനായി വന്നത്.

1. **<u>സംഗതി 1</u>**:- 21-05-2023 തിയ്യതി 01.10 മണിക്ക് പ്രതി ഡ്രൈവർ ചുമതല വഹിച്ച് അതിവേഗതയിലും അവിവേകമായും അശ്രദ്ധമായും മനുഷ്യജീവന് അപായം വരത്തക്ക വിധം KL-84-A-7487 നമ്പർ പിക്കപ്പ് വാഹനം റോങ്ങ് സൈഡിലൂടെ ഓടിച്ചു പോകവെ, എതിർദിശയിൽ പരാതിക്കാരന്റെ ബന്ധുവായ മുഹമ്മദ് അമീൻ എന്നയാൾ റൈഡർ ചുമതല വഹിച്ച് ഓടിച്ചു വന്ന KL-55-K-0137 നമ്പർ മോട്ടോർ സൈക്കിളിൽ ഇടിച്ചതിൽ, മുഹമ്മദ് അമീൻ എന്നയാൾ റോഡിലേക്ക് തെറിച്ച് വീണ് തലയ്ക്ക് അതീവ ഗുരുതരപരിക്ക് പറ്റാൻ ഇടയായതിനാൽ; പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 279 വകുപ്പു പ്രകാരമുള്ള കുറ്റംചെയ്തിട്ടുണ്ടോ?

2. **<u>സംഗതി 2</u>**:- ടി സമയത്തും സംഭവ സ്ഥലത്തും വെച്ച് മോട്ടോർ സൈക്കിളിൽ പിക്കപ്പ് വാൻ ഇടിച്ചതിൽ മുഹമ്മദ് അമീൻ എന്നാൾക്ക് ഗുരുതരമായി പരിക്കു പറ്റുകയും, ചികിത്സയിലിരിക്കേ ചികിത്സ ഫലിക്കാതെ മുഹമ്മദ് അമീൻ എന്നയാൾ മരണപ്പെടാൻ ഇടയായതിനാൽ; പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 304(A) വകുപ്പു പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

3. **<u>സംഗതി 3</u>**:- പ്രതി കുറ്റക്കാരനാണെന്ന് കാണുന്ന പക്ഷം എന്തു ഉത്തരവുകളാണ് പുറപ്പെടുവിക്കേണ്ടത്?

10. **<u>സംഗതി 1 മുതൽ 2 വരെ</u>**:- CW1 നെ PW1 ആയി വിസ്തരിച്ചു. ഈ കേസിലെ വാഹന അപകടത്തിൽ മരണപ്പെട്ട മുഹമ്മദ് അമീൻ തൻറെ ജേഷ്ഠന്റെ മകനാണ് എന്നും, 21/05/2023 തീയതി പുലർച്ചെ 1.10 മണിക്ക് തിരൂർക്കാട് അങ്ങാടിയിൽ വച്ച് ഉണ്ടായ വാഹന അപകടത്തിലാണ് കുട്ടി മരണപ്പെട്ടത് എന്നും ഇതുമായി ബന്ധപ്പെട്ട താൻ പോലീസിൽ പരാതി കൊടുത്തിരുന്നു എന്നും ആ പരാതിയാണ് ഇപ്പോൾ തന്നെ കാണിച്ചത് എന്നും, അതിൽ കാണുന്ന ഒപ്പ് തൻറെതാണ് എന്നും ആയത് Ext.P1 ആയി മാർക്ക് ചെയ്തിട്ടുണ്ട് എന്നും ഈ അപകടത്തിന് കാരണം എന്താണെന്ന് തനിക്കറിയില്ല എന്നും PW1 മൊഴി നൽകിയിരിക്കുന്നു. CW2 നെ PW2 ആയി വിസ്തരിച്ചു. താൻ താമസിക്കുന്നത് അരിപ്ര എന്ന സ്ഥലത്താണ് എന്നും ഈ കേസിൽ വാഹന അപകടത്തിൽ മരണപ്പെട്ട കുട്ടിയെ തനിക്കറിയാം എന്നും തൻറെ നാട്ടുകാരനാണ് എന്നും ഈ കേസ് ആസ്പദമായ വാഹന അപകടം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും, താൻ കണ്ടു എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും, ഈ സംഭവം കണ്ടിരുന്നു എന്നും, ഈ കേസിലെ പ്രതിയെ സഹായിക്കാൻ ആയിട്ട് കളവ് പറയുകയാണെന്നും പറഞ്ഞാൽ ശരിയല്ല എന്നും PW2 മൊഴി നൽകിയിരിക്കുന്നു. പ്രോസിക്യൂഷൻ കേസ് തെളിയിക്കുന്നതിലേക്കായി PW1, PW2 എന്നീ സാക്ഷികളെ വിസ്തരിച്ചതിൽ ആരും തന്നെ കേസിനാസ്പദമായ സംഭവം നേരിട്ട് കണ്ടിട്ടില്ല. പ്രധാന സാക്ഷികൾ പ്രോസിക്യൂഷനെതിരായി മൊഴി നൽകിയതിനാൽ അവരെ കൂറ്

മാറിയതായി പ്രഖ്യാപിച്ചു. ബാക്കി സാക്ഷികളെ വിസ്തരിക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി APP കോടതിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ പ്രതിക്കെതിരെയുള്ള കുറ്റാരോപണം സംശയാതീതമായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ മേൽ സംഗതി അവർക്കെതിരായി തീരുമാനിച്ചിരിക്കുന്നു.

11. **സംഗതി 3**:- ഇതിനു മുന്നോടിയായി സംഗതികൾ കണ്ടെത്തിയ കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ സംഗതി പരിഗണിക്കേണ്ടതായി വരുന്നില്ല. ആയതിനാൽ പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 279, 304(A) വകുപ്പുകളിൽ നിന്നും ക്രിമിനൽ നടപടി നിയമം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തമാക്കിയിരിക്കുന്നു. പ്രതിയുടെ എല്ലാ ജാമ്യ വ്യവസ്ഥ നിബന്ധനകളും ഒഴിവാക്കി സ്വതന്ത്രനായി വിട്ടയക്കുന്നു.

(ഞാൻ പറഞ്ഞു കൊടുത്തതുപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2026 ഏപ്രിൽ മാസം 10 ആം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ വിധി പ്രസ്താവിച്ചിരിക്കുന്നു).

ന്യായാധികാരി

**<u>അനുബന്ധം</u>**

<u>പ്രോസിക്യൂഷൻ സാക്ഷികൾ</u>:-

| | |
|---|---|
| PW1 | അബ്ദുൾ ഖാദർ |
| PW2 | അബ്ബാസ് |

<u>പ്രോസിക്യൂഷൻ ഭാഗം അടയാളപ്പെടുത്തിയ രേഖകൾ</u>

| | |
|---|---|
| Ext.P1 | പരാതി PW1 മുഖാന്തരം തെളിവിൽ രേഖപ്പെടുത്തി |

പ്രോസിക്യൂഷൻ ഭാഗം മുദ്ര ചെയ്യേണ്ട തൊണ്ടി സാധനങ്ങൾ : ഇല്ല
പ്രതിഭാഗം സാക്ഷികൾ : ഇല്ല
പ്രതി ഭാഗം മുദ്ര ചെയ്യേണ്ട രേഖകൾ : ഇല്ല

ന്യായാധികാരി